

# തെങ്ങിന്റെ തഞ്ചാവൂർ വാട്ടത്തെ ചെറുക്കാം

മലപ്പട്ടം പ്രഭാകരൻ

കേരളത്തിലെ തെങ്ങുകളിൽ അടുത്തകാലത്തായി മാത്രം അപൂർവമായി കണ്ടിരുന്ന തഞ്ചാവൂർ വാട്ടരോഗം ഇന്ന് വ്യാപിച്ചുവരുന്നു. ഏതാനും വർഷം മുമ്പ് തമിഴ്നാടിന്റെ അതിർത്തിജില്ലയായ പാലക്കാടും പിന്നീട് മലപ്പുറം, തൃശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ അങ്ങിങ്ങായും മാത്രം കണ്ടിരുന്ന ഈ രോഗം വളരെവേഗം വ്യാപിക്കുകയാണ്. കണ്ണൂർ ജില്ലയുടെ മലയോര മേഖലകളിൽ കൂടുതൽ രോഗവ്യാപ്തി സമീപകാലത്തായി കണ്ടുതുടങ്ങിയിട്ടുണ്ട്. കാറ്റുവീഴ്ചപോലെ അതിമാരക വിഭാഗത്തിൽപെടുന്നതല്ലെങ്കിലും രോഗത്തെ തുടക്കത്തിൽ കണ്ടെത്തി പ്രതിരോധിച്ചില്ലെങ്കിൽ വ്യാപക നഷ്ടം സംഭവിക്കും. ഗാനൊഡർമ ലുസീഡിയം എന്ന കുമിളാണ് രോഗകാരി.

## ലക്ഷണം

മധ്യപ്രായത്തിലുള്ള തെങ്ങുകളിലാണ് രോഗബാധ കണ്ടുവരുന്നത്. കടഭാഗത്ത് അഴുകൽ ഉണ്ടാകുന്നതാണ് പ്രാഥമിക ലക്ഷണം. തൊലി പൊട്ടുകയും ചെറിയ കഷണങ്ങളായി അടർന്നുപോവുകയും ചെയ്യും. അടർന്ന വിള്ളലുകളിൽ ദുർഗന്ധപൂരിതമായ ദ്രാവകം ഒലിച്ചിറങ്ങുന്നതായും കാണാം. ചുവപ്പും തവിട്ടുനിറവും കലർന്ന നിറമാകും ഈ ദ്രാവകത്തിന്. അതുപോലെ വേരിലും അഴുകൾ പ്രത്യക്ഷപ്പെടും. ഇതിന്റെ ഫലമായി ഇല



മഞ്ഞളിക്കുകയും ക്രമേണ ഓലകൾ ഉണങ്ങിവീഴുകയും ചെയ്യും. ക്രമേണ മച്ചിങ്ങയും കരിക്കും തേങ്ങയുമെല്ലാം പൊഴിയുകയും തെങ്ങ് പൂർണമായും നശിക്കുകയും ചെയ്യും.

## നിയന്ത്രണം

ചിട്ടയായ ശ്രദ്ധയും പരിചരണവും ഉണ്ടെങ്കിൽ രോഗത്തെ എളുപ്പം നിയന്ത്രിക്കാം. കുമിളാണ് രോഗകാരി. രോഗം ബാധിച്ച് നശിച്ച തെങ്ങുകളുണ്ടെങ്കിൽ അവ മുറിച്ചുമാറ്റി കത്തിച്ചുകളയണം. കുമിൾ വ്യാപിക്കാതിരിക്കാനാണിത്. കറ ഒലിപ്പ് കാണുന്ന ഭാഗം ചെത്തി പൊടിയും അവശിഷ്ടങ്ങളും കത്തിച്ചുകളയണം. മുറിഭാഗത്ത് കോൾടാർ പുരട്ടുക. വെള്ളത്തിൽക്കൂടി പകരാതിരിക്കാൻ രോഗം ബാധിക്കാത്ത തെങ്ങുകൾക്കു ചുറ്റളം രണ്ടുമീറ്റർ അകലംവിട്ട് ഒരു മീറ്റർ ആഴത്തിലും അരമീറ്റർ വീതിയുമുള്ള ചാലുകളെടുത്ത് വെള്ളത്തിന്റെ കൂടിച്ചേരൽ ഒഴിവാക്കുക എന്നത് മറ്റൊരു നടപടിയാണ്. ജലസേചനം ചെയ്യുന്ന തോട്ടങ്ങളിൽ ചാലുകളിലൂടെ വെള്ളം ഒഴുക്കി നനയ്ക്കുന്ന രീതി സ്വീകരിക്കരുത്. രോഗകാരികൾ മണ്ണും വെള്ളവും വഴി പകരും.

ട്രൈഡെ മോർഫ് എന്ന കുമിൾനാശിനി രണ്ടു മി.വലി. 100 മി.ലി. വെള്ളത്തിൽ കലർത്തിയ ലായനിയിൽ ചുവട്ടിലെ ചുണ്ടൻ വേരുകളിൽ ഒന്നെടുത്ത് അതിൽ മുക്കിവയ്ക്കുക (പോളിത്തീൻ സഞ്ചിയിലാക്കി വേരിറക്കി കെട്ടിവച്ചാൽ മതി. മൂന്നുമാസത്തിലൊരിക്കൽ 2-3 തവണ ചെയ്യുക.

കാലക്സിൽ 30 മി.ലി. 30 ലിറ്റർ വെള്ളത്തിൽ കലർത്തി തടത്തിൽ വേര് കുതിരത്തക്കവിധം തടത്തിൽ ഒഴിച്ചുകൊടുക്കുക. മൂന്നുമാസം ഇടവിട്ട് മൂന്നുതവണ ചെയ്യണം.

## മറ്റു പരിചരണങ്ങൾ

1. വർഷംപ്രതി തെങ്ങൊന്നിന് 50 കി.ഗ്രാം വീതം ജൈവവളം ചേർക്കുക
2. വർഷത്തിൽ ഒരുതവണ അഞ്ചു കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർക്കുക.
3. രാസവളം പൊതുശുപാർശയുടെ നാലിലൊന്നായി കുറയ്ക്കുക.
4. പയർവർഗ ചെടികൾ രോഗംബാധിച്ച തോട്ടങ്ങളിൽ വളർത്താതിരിക്കുക.